LAB on 06.02.13.

IT Section

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 73

04.02.2013 ലെ മറുപടിയ്ക്ക്

## സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ഡി. സതീശൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ കഴിഞ്ഞ വർഷത്തിനിടയിൽ എത്ര പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 4 സ്ഥിരം നിയമനങ്ങൾ നടത്തിയിട്ടുണ്ട്. (പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ 1; ടെക്നിക്കൽ ഓഫീസർ 1; ഹെൽപ്പർ 1; ക്ലറിക്കൽ അസിസ്റ്റന്റ് 1). |
| (ബി) നിയമനങ്ങൾ നൽകിയത് അംഗീകാരമുള്ള തസ്തികകൾക്കാണോ ; എത്ര പുതിയ തസ്തികകൾ അംഗീകരിച്ചിട്ടുണ്ട് ; പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) സ്ഥിര നിയമങ്ങൾ നൽകിയത് അംഗീകാരമുള്ള തസ്തികകൾക്കാണ്; പുതുതായി ഒരു തസ്തികയും അംഗീകരിച്ചിട്ടില്ല. |
| (സി) പുതുതായി നിയമിച്ച സ്ഥിരം / താത്കാലിക ജീവനക്കാരിൽ വിരമിച്ചവർ എത്ര ; നിയമന രീതി, തസ്തിക, ശമ്പളം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) പുതിയ സ്ഥിരം നിയമനങ്ങളിൽ വിരമിച്ച ജീവനക്കാർ ആരുമില്ല. ബയോടെക്നോളജി പ്രോജക്ടിൽ (മൂന്നു വർഷത്തേയ്ക്കുള്ള) പ്രോജക്ട് ഡയറക്ടറായി, ബയോടെക്നോളജി കമ്മീഷന്റെ ചെയർമാന്റെയും, ബയോടെക്നോളജി ബോർഡ് അദ്ധ്യക്ഷന്റെയും നിയമാനുസൃതമായ അംഗീകാരത്തോടുകൂടി കേരള സർവ്വകലാശാലയിൽ നിന്നും വിരമിച്ച പ്രൊഫസറും ഡീനുമായ പ്രൊഫ. പി.ആർ.സുധാകരനെ പുനർ നിയമന ശമ്പള ക്രമത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) സർക്കാരിന്റെ അനുമതി ഇല്ലാതെ, നിലവിൽ ഇല്ലാത്ത തസ്തികകളിൽ നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദിത്വപ്പെട്ടവർക്ക് എതിരെ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (ഡി) നിലവിൽ ഇല്ലാത്ത തസ്തികകളിൽ സ്ഥിരം നിയമനം നടത്തിയിട്ടില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**